NO TO DRUGS

## കണ്ണൂർവിദ്യാഭ്യാസഉപഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം. ബിജേഷ് എ.എസ്, കെ.എ.എസ് )**

വിഷയം:- പൊതുവിദ്യാഭ്യാസം - അന്തർജില്ലാ സ്ഥലംമാറ്റം - സ്ഥലംമാറ്റം – 2024 -25 - എച്ച്.എസ്.ടി കോർ വിഷയങ്ങൾ - അന്തിമ ഉത്തരവ് - സംബന്ധിച്ച്

പരാമർശം:- 1.പൊതുവിദ്യാഭ്യാസഡയറക്ടറുടെ 26.11.2024, 27.12.2024 തീയതിയിലെ എ1/24296/2024/ഡിജിഇ നമ്പർ പരിപത്രം.

2. അധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷ

3. ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങ് സൈറ്റിൽ പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റ്.

4.01.02.2025 തീയതിയിലെ ഈ ആഫീസിലെ ഇതേ നമ്പറിലുള്ള താൽകാലിക ഉത്തരവ്.

5.പൊതുവിദ്യാഭ്യാസഡയറക്ടറുടെ 27-03-2025 ലെ DGE/20836/2024-A1 നമ്പർ കത്ത്

**ഉത്തരവ് നമ്പർ DDEKNR/9812/2024-A1 തീയതി : 28-03-2025**

2024-25 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സൂചന (1) പ്രകാരമുള്ള സർക്കുലർ പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിൽ സൂചന 3 പ്രകാരം പ്രകാരമുള്ള സീനിയോറിറ്റി പരിഗണിച്ച് സൂചന 4 പ്രകാരം താത്കാലിക സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹരായ അധ്യാപകരുടെ പരാതികൾ പരിഗണിച്ച് സൂചന 5 പ്രകാരം താഴെ അനുബന്ധത്തിൽ പറയും പ്രകാരം അവരുടെ പേരിന് നേരെ ചേർത്ത വിദ്യാലയത്തിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

### എച്ച്.എസ്.ടി സോഷ്യൽ സയൻസ്

| ക്ര നം. | അധ്യാപകന്റെ/അധ്യാപികയുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| 1 | ശ്രീഷാദ് കെ.പി<br>GHSS വാളാട് | വയനാട് | GHSS ഉളിക്കൽ |
| 2 | നിമിഷ ടി ഇ<br>GHSSകുഞ്ഞോം | വയനാട് | GHSS പടിയൂർ |

### എച്ച്.എസ്.ടി നാച്ചുറൽ സയൻസ്

| ക്ര നം. | അധ്യാപകന്റെ/അധ്യാപികയുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | ശ്രീനഎം<br>GFHSS പടന്നകടപ്പുറം | കാസർഗോഡ് | GHSS കടന്നപ്പള്ളി |

എച്ച്.എസ്.ടി ഗണിതം

| ക്ര നം. | അധ്യാപകന്റെ/അധ്യാപികയുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| 1 | സുനിത പി വി<br>GHSS വൈത്തിരി | വയനാട് | GHSS രയരോം |
| 2 | സീന ബി<br>GHSS ഉദുമ | കാസർഗോഡ് | GHSS മാത്തിൽ |

എച്ച്.എസ്.ടി ഇംഗ്ലീഷ്

| ക്ര നം. | അധ്യാപകന്റെ/അധ്യാപികയുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| 1 | രേഷ്മപി വി<br>GHSS പാക്കം | കാസർഗോഡ് | GHSS പടിയൂർ |
| 2 | വിനീത എം<br>CKNSGHSS പീലിക്കോട് | കാസർഗോഡ് | GBVHSS മാടായി |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സർവ്വീസ് സീനിയോരിറ്റി കണ്ണൂർ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൂടാതെ 09.08.1988 ലെ ജി.ഒ (എം.എസ്) നമ്പർ 128/88/ജി ഇ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ദിവസം അധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തിമ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രഥമാധ്യാപകർ ബന്ധപ്പെട്ട അധ്യാപകരെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

23.08.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 42/12 പി&എ.ആർ.ഡി പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം മുഖേന ജില്ലയിൽ പ്രവേശിക്കുന്ന അധ്യാപകർ കണ്ണൂർ ജില്ലയിൽ നിന്നും പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്.

അഞ്ച് വർഷം സേവന കാലയളവ് പൂർത്തീകരിച്ചിട്ടില്ലാത്ത അധ്യാപകർ 23.04.2003 ലെ സ.ഉ(എം.എസ്)നം 94/2003/പൊ.വി പ്രകാരമുള്ള സ്ഥലങ്ങളിൽ സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷ കാലയളവിൽ ഉത്തരവിൽ പരാമർശിക്കുന്ന ഹിൽ/റിമോട്ട് ഏരിയകളിൽ മാത്രമേ സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

അന്തർജില്ല സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ തെറ്റായ വിവരം നൽകിയാണ് അന്തർജില്ലാ

സ്ഥലംമാറ്റം ലഭിച്ചതെന്ന് ബോധ്യപ്പെട്ടാൽ ഉത്തരവ് റദ്ദ് ചെയ്യുന്നതും ബന്ധപ്പെട്ട അധ്യാപകർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

സ്ഥലം മാറ്റം ലഭിച്ച എല്ലാ അധ്യാപകരും ഏപ്രിൽ 30 നകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രധാന അധ്യാപകൻ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Bijesh A S
Date: 28-03-2025 16:39:12

വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
(പൂര്ണ്ണ അധിക ചുമതല)

സ്വീകർത്താവ് :

.1 പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2.ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടര്മാര്
3.ബന്ധപ്പെട്ട പ്രധാനാധ്യാപകര്
4.ബന്ധപ്പെട്ട അധ്യാപകര്(പ്രധാനാധ്യാപകര് മുഖേന)
5.കരുതല് ഫയല്